ആർ. പാർവതിദേവി

**ഹൗസിംഗ് ബോർഡ് ചെയർമാനായി റോസമ്മ പുന്നൂസ് പ്രവർത്തിച്ചിട്ടും ഒരു വീട് സ്വന്തമാക്കുവാൻ സഹോദരി അക്കമ്മ ചെറിയാൻ ശ്രമിച്ചില്ല. പതിനായിരം രൂപ നൽകുവാൻ അന്ന് അക്കമ്മയ്ക്കു കഴിഞ്ഞിരുന്നില്ല. വഴിവിട്ട് ഒരു വീട് സ്വന്തം ചേച്ചിക്കു നൽകുവാൻ  റോസമ്മയും മുതിർന്നില്ല. ഇതായിരുന്നു റോസമ്മയും അക്കമ്മയും. പക്ഷേ, ഈ ആദർശധീരരായ വനിതാ നേതാക്കളെ കേരളം എത്രമാത്രം  തിരിച്ചറിഞ്ഞിട്ടുണ്ട്?**




**റോസമ്മ പുന്നൂസ്**

തിരുവിതാംകൂറിൽ ദിവാൻ സർ സി.പി.യുടെ അതീവ നിഷ്ഠുരമായ മർദ്ദക ഭരണകാലഘട്ടത്തിലാണ് കേരളത്തിലെ ഝാൻസിറാണി എന്നറിയപ്പെടുന്ന അക്കമ്മ ചെറിയാനും സഹോദരി റോസമ്മ ചെറിയാനും രാഷ്ട്രീയ തീച്ചൂളയിലേക്ക് ഉയർത്തിയ ശിരസ്സും നിശ്ചയദാർഢ്യമുള്ള മനസ്സുമായി എടുത്തുചാടിയത്. സുറിയാനി ക്രിസ്ത്യാനി സ്ത്രീകൾക്ക് സാരിയുടുക്കുവാനോ ചെരിപ്പിടാനോ എന്തിന്, ദിവസവും കുളിക്കുവാൻ പോലും അനുവാദം ഇല്ലാതിരുന്ന കാലഘട്ടമായിരുന്നു അത്. പെൺകുട്ടികൾ സ്വന്തം നഗ്നശരീരം ദിവസവും കാണുന്നത് പാപമായതിനാൽ ഹോസ്റ്റലിൽ താമസിക്കുമ്പോൾ കന്യാസ്ത്രീകൾ കുളിക്കുവാൻ സമ്മതിച്ചിരുന്നില്ലെന്ന് അക്കമ്മ ചെറിയാൻ തന്റെ ഓർമ്മക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും കാഞ്ഞിരപ്പള്ളിയിലെ യാഥാസ്ഥിതിക, പുരാതനകുടുംബമായ കരിപ്പാപ്പറമ്പിൽ തൊമ്മൻ ചെറിയാന്റെയും പായിപ്പാട്ട്  വെട്ടിയാട് പുന്നക്കുടിയിൽ അന്നമ്മയുടെയും പെൺമക്കൾ പൂർണ്ണസമയ രാഷ്ട്രീയ പ്രവർത്തകരായതിനു പിന്നിൽ കറകളഞ്ഞ രാജ്യസ്നേഹവും കരുത്തുറ്റ സ്വാതന്ത്ര്യബോധവും മാത്രമാണ്.

തിരുവനന്തപുരത്ത് ലോ കോളേജിൽ റോസമ്മയും ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ അക്കമ്മയും പഠിക്കുമ്പോൾ തന്നെ ഇരുവരും തലസ്ഥാനത്തു നടക്കുന്ന രാഷ്ട്രീയ ഗതിവിഗതികൾ സസൂക്ഷ്മം നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്തിരുന്നു. ഇരുസഹോദരിമാരും ഇവരുടെ രണ്ടു സഹോദരന്മാരും കൂടി ഒരു വീട് വാടകയ്ക്കെടുത്താണ് തിരുവനന്തപുരത്ത് താമസിച്ചിരുന്നത്. പെൺകുട്ടികൾ ബാദ്ധ്യതയല്ല, ധനമാണ് എന്നു വിശ്വസിച്ചിരുന്നവരാണ് അക്കമ്മയുടെയും റോസമ്മയുടെയും മാതാപിതാക്കൾ. മക്കൾക്ക് പരമാവധി വിദ്യാഭ്യാസം നൽകണമെന്നവർ ആഗ്രഹിച്ചു. അതുകൊണ്ടുതന്നെ രാഷ്ട്രീയ വിദ്യാഭ്യാസം കൂടി നേടുന്നതിന്  ഇവർക്ക് അവസരം ലഭിച്ചു. തിരുവനന്തപുരത്ത് അന്നു നടന്നിരുന്ന രാഷ്ട്രീയ യോഗങ്ങളിലെല്ലാം അക്കമ്മയും റോസമ്മയും പങ്കെടുത്തു. കൗമുദി പത്രാധിപർ കെ. ബാലകൃഷ്ണന്റെ പ്രസംഗത്തിന്റെ

ആരാധികമാരായിരുന്നു ഇവർ. അദ്ദേഹത്തിന്റെ പ്രസംഗം എവിടെയുണ്ടെങ്കിലും അക്കമ്മയും റോസമ്മയും മുൻനിരയിൽ സ്ഥാനം പിടിച്ചിരുന്നു.

വിദ്യാഭ്യാസം പൂർത്തിയാക്കി കാഞ്ഞിരപ്പള്ളിയിലെത്തിയപ്പോഴേക്കും ഉത്തരവാദഭരണത്തിനു വേണ്ടിയുള്ള അലയൊലികൾ അവിടെയും ചലനങ്ങൾ സൃഷ്ടിച്ചുതുടങ്ങിയിരുന്നു. ഇരുസഹോദരിമാരും നാട്ടിലെ രാഷ്ട്രീയപ്രവർത്തനത്തിൽ പങ്കാളികളായി. സ്ത്രീകൾക്കിടയിൽ പ്രചരണങ്ങൾ നടത്തി. ഈ പശ്ചാത്തലത്തിലാണ് 1938ലെ സുപ്രസിദ്ധമായ കൊട്ടാര മാർച്ചിനു നേതൃത്വം നൽകുന്നതിന് കോൺഗ്രസിന്റെ പന്ത്രണ്ടാമത്തെ സർവാധിപതി (അന്ന് പ്രസിഡന്റിനെ സർവാധിപതിയെന്നാണ് പറഞ്ഞിരുന്നത്.) യായി അക്കമ്മ ചെറിയാൻ നിയോഗിക്കപ്പെട്ടത്. ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ ജന്മദിനമായ ഒക്ടോബർ 23ന് തിരുവനന്തപുരത്തെ കോട്ടയ്ക്കകത്തെ കൊട്ടാരത്തിലെത്തി നേരിട്ടു നിവേദനം നൽകുവാനായിരുന്നു തീരുമാനം. കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന്റെ ഹെഡ്മിസ്ട്രസ് പദം ഉപേക്ഷിച്ച് സാഹസികവും അപകടകരവുമായ ഈ ദൗത്യം അക്കമ്മ ഏറ്റെടുത്തു. സർ സി.പി.യുടെ ഭയാനകമായ അടിച്ചമർത്തലിനെതിരെ പടനയിക്കുന്നതിന് അക്കമ്മയും റോസമ്മയും വീടുവിട്ടിറങ്ങിയപ്പോൾ വീട്ടിൽ നിലവിളിയുയർന്നു. ഉല്പതിഷ്ണുവായ അമ്മ (അപ്പോഴേക്കും അച്ഛൻ മരിച്ചു) ആശീർവദിച്ചാണ് ഇരുപെൺമക്കളെയും അയച്ചതെങ്കിലും എന്തൊക്കെ യാതനകൾ ഇവർ നേരിടേണ്ടിവരുമെന്നോർത്ത് അമ്മയുടെ ഹൃദയം പിടഞ്ഞു. അന്ന് അക്കമ്മയ്ക്ക് പ്രായം 29. റോസമ്മയ്ക്ക് 24ഉം! അതീവരഹസ്യമായി പൊലീസിന്റെ കണ്ണുവെട്ടിച്ച് അക്കമ്മയും റോസമ്മയും സഹോദരൻ കെ.സി. വർക്കി, കോൺഗ്രസ് നേതാവ് വി.വി. വർക്കി (പിന്നീട് അക്കമ്മയുടെ ജീവിതസഖാവ്) എന്നിവർക്കൊപ്പം എറണാകുളത്തേക്കു തിരിച്ചു.



അക്കമ്മ ചെറിയാൻ

ദന്തഡോക്ടറെ കാണാൻ എറണാകുളത്തു പോകുന്നുവെന്ന് പറഞ്ഞാണ് അക്കമ്മ സ്കൂളിൽ നിന്ന് അവധിയെടുത്തത്. നാട്ടിലും ആ കഥ പ്രചരിപ്പിച്ചു. കാരണം പൊലീസ് അറിഞ്ഞാൽ ആ നിമിഷം തന്നെ അറസ്റ്റു ചെയ്യപ്പെടും. എറണാകുളത്ത് ഒരു ഹോട്ടലിൽ അക്കമ്മയും റോസമ്മയും മുറിയെടുത്തു. കോൺഗ്രസ് നേതാക്കന്മാർ ഇവർക്ക് ക്ളാസുകൊടുത്തു. പതിനൊന്നാമത്തെ സർവാധിപതി കുട്ടനാട്ട് രാമകൃഷ്ണപിള്ള അറസ്റ്റിലായപ്പോൾ അക്കമ്മയെ അടുത്ത പ്രസിഡന്റായി തീരുമാനിച്ച വിവരം പത്രങ്ങളിൽ വാർത്ത വന്നു.

എറണാകുളത്തു നിന്നും സർ സി.പിയുടെ സി.ഐ.ഡികളുടെ കണ്ണിൽപ്പെടാതെ മധുരയിലെത്തുക എന്നതായിരുന്നു അടുത്ത ഘട്ടം. രാഘവൻ എന്ന കോൺഗ്രസ് പ്രവർത്തകന്റെയൊപ്പം അക്കമ്മയും റോസമ്മയും മഹാരാജാവിന് നൽകുവാനുള്ള നിവേദനവുമായി മധുരയിലേക്ക് തിരിച്ചു.മധുരയിൽ നിന്നും തീവണ്ടിയിൽ തിരുവനന്തപുരത്തെത്തണം. സർ സി.പിയുടെ പൊലീസിന് തീവണ്ടിയിൽ നിന്നും അറസ്റ്റു ചെയ്യുവാനുള്ള അധികാരം ഇല്ലാത്തതിനാലാണ് ഈ മാർഗ്ഗം തീരുമാനിച്ചത്. മധുരയിൽ എത്തിയ അക്കമ്മയ്ക്കും റോസമ്മയ്ക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ചുമതല പി.ടി. പുന്നൂസിനും വി.പി. നായർക്കുമായിരുന്നു.

മധുരയിൽ തുടങ്ങിയ ബന്ധം പിന്നീട് റോസമ്മയുടെ ജീവിതസഖാവായി പുന്നൂസിനെ മാറ്റി. പുന്നൂസും അക്കമ്മയും തമ്മിൽ ഹൃദ്യമായ സഹോദരബന്ധമാണ് എന്നും ഉണ്ടായിരുന്നത്.

മധുരയിൽ നിന്നും വഴിനീളെ സ്വീകരണങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടാണ് തീവണ്ടി തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയത്. ജനലക്ഷങ്ങൾ അന്നവിടെ തടിച്ചുകൂടി. അക്കമ്മയുടെ നേതൃത്വത്തിൽ കിഴക്കേക്കോട്ട വഴി വെട്ടിമുറിച്ച കോട്ടയിലൂടെ കൊട്ടാരത്തിലേക്ക് നീങ്ങുവാനായിരുന്നു പരിപാടി. ബ്രിട്ടീഷ് പട്ടാളം വെട്ടിമുറിച്ച കോട്ടക്കരികിൽ വച്ച് ജാഥ തടഞ്ഞതും ജനറൽ വാട്കിസ് വെടിയുതിർക്കുവാൻ തോക്കെടുത്തപ്പോൾ "ആദ്യം എന്റെ നെഞ്ചിലേക്ക് വെടിവയ്ക്കൂ" എന്ന് അക്കമ്മ ആക്രോശിച്ചതും ആ ധീരതയുടെ മുന്നിൽ വാട്കിസിന്റെ തോക്കിന്റെ പത്തി താഴ്ന്നതും തിരുവിതാംകൂർ ചരിത്രത്തിലെ ത്യാഗോജ്ജ്വലവും ആവേശകരവുമായ അദ്ധ്യായമായി ഇന്നും തിളങ്ങുന്നു. ഈ ചരിത്രസംഭവത്തിൽ നേതൃത്വം നൽകിയ അക്കമ്മയ്ക്കൊപ്പം അവരുടെ നിഴൽപോലെയുണ്ടായിരുന്നു റോസമ്മ എന്ന 24കാരിയായ ദേശസ്നേഹിയും. രക്തച്ചൊരിച്ചിൽ ഒഴിവാക്കുവാൻ അക്കമ്മ യുടെ ധൈര്യത്തിനും നിശ്ചയദാർഢ്യത്തിനും കഴിഞ്ഞു. കുതിരപ്പട്ടാളം നിലത്തു കിടന്നിരുന്ന സമരഭടന്മാരെ ചവിട്ടിമെതിച്ചു. ഒരു കൂറ്റൻ അമ്പലക്കാളയെ പൊലീസ് ജാഥയിലേക്ക് കയറ്റിവിട്ടു. സമരവോളണ്ടിയർമാർ ഖദർഷാൾ കൊണ്ട് കാളയെ പിടിച്ചുകെട്ടി. ഇത്തരത്തിലുള്ള പ്രകോപനങ്ങളൊന്നും സമരവീര്യത്തെ തകർക്കുവാൻ കഴിഞ്ഞില്ല. പിരിഞ്ഞുപോകുന്നതിന് അക്കമ്മ ചെറിയാൻ ആജ്ഞാപിക്കുന്നതുവരെ തെക്കേത്തെരുവു കവാടം മുതൽ തമ്പാനൂർ റെയിൽവേ സ്റ്റേഷൻ വരെയുള്ള റോഡും പുത്തരിക്കണ്ടം മൈതാനവും സമരഭടന്മാർ നിറഞ്ഞിരുന്നു. കെ.സി. ജോർജ്ജ് തന്റെ ആത്മകഥയായ 'എന്റെ ജീവിതയാത്ര'യിൽ ഈ കാഴ്ചയെക്കുറിച്ചിങ്ങനെ എഴുതുന്നു. "എല്ലാവരും നിലത്തിരിക്കുവാനുള്ള ഉത്തരവു ലഭിച്ച ക്ഷണത്തിൽ പാൽക്കടലിൽ ഓളങ്ങൾ തിളച്ചുപൊങ്ങിത്താണതു പോലെ ആയിരക്കണക്കിനുള്ള ആ ധവളവസ്ത്രധാരികൾ കിഴക്കേക്കോട്ട മുൻവശത്തുള്ള പ്രദേശം മുഴുവനും നിരന്നുകിടന്നു."

സ്റ്റേറ്റ് കോൺഗ്രസ് നേതാക്കളായ നെടുമങ്ങാട് കേശവൻനായർ, കെ. ആർ. ഇലങ്കത്ത്, കാലടി പുരുഷോത്തമൻനായർ, പി.കെ. കുഞ്ഞ് തുടങ്ങിയവരാണ് അക്കമ്മയ്ക്കൊപ്പം ഉണ്ടായിരുന്നവർ. ഈ ജാഥയുടെ ദൃക്സാക്ഷിയായിരുന്ന ഇ.എം. കോവൂർ കൊട്ടാരമാർച്ചിനെക്കുറിച്ച് വിശദമായി എഴുതിയിട്ടുണ്ട്.

ജനമുന്നേറ്റവും അവരുടെ നിശ്ചയദാർഢ്യവും സ്വയം മനസ്സിലാക്കിയ പട്ടാളമേധാവി വാട്കിസും പൊലീസ് കമ്മീഷണർ കരീമും ദിവാൻ സർ സി.പിയുടെ പിടിവാശി അസംബന്ധമാണെന്ന് ചിത്തിര തിരുനാളിനെ ബോദ്ധ്യപ്പെടുത്തി. ജയിൽവിമോചനരേഖയിൽ രാജാവ് ഒപ്പുവച്ചശേഷം രഹസ്യമായി പടിഞ്ഞാറേക്കോട്ട വാതിലിലൂടെ കൈതമുക്കുവഴി രാജാവ് കവടിയാർ കൊട്ടാരത്തിലേക്കും സർ സി.പി. ഔദ്യോഗിക ഭവനമായ ഭക്തിവിലാസത്തിലേക്കും പോയി.

ദൗത്യം പൂർത്തിയാക്കി മടങ്ങിവന്ന അക്കമ്മയ്ക്കും

റോസമ്മയ്ക്കും മറ്റു വോളണ്ടിയർമാർക്കും വേണ്ടി കാഞ്ഞിരപ്പള്ളി ഒന്നടങ്കം കാത്തുനിൽക്കുകയായിരുന്നു. ആബാലവൃദ്ധം ജനങ്ങൾ രാജോചിത വരവേൽപ്പാണിവർക്കു നൽകിയത്. കാഞ്ഞിരപ്പള്ളിയിലെ തെരുവീഥികൾ ചുറ്റിയാണ് ഘോഷയാത്ര ചന്തമൈതാനത്തെത്തിയത്. കാഞ്ഞിരപ്പള്ളിയുടെ അന്തസ്സുയർത്തിപ്പിടിച്ച സഹോദരിമാർക്കു മേൽ നാട്ടുകാർ അഭിനന്ദനങ്ങൾ വാരിച്ചൊരിഞ്ഞു. കാഞ്ഞിരപ്പള്ളിയിൽ മാത്രമല്ല, തിരുവിതാംകൂറിലാകെ സ്വീകരണയോഗങ്ങൾ നടന്നു. കോട്ടയത്ത് സ്ത്രീകളുടെ മുൻകൈയിൽ നടന്ന യോഗത്തിൽ മൂന്നു വനിതാ സർവാധിപതികളായ മിസിസ് ഇ. ജോൺ കുരുവിള, മിസിസ് പന്തളം കെ.പി., അക്കമ്മ ചെറിയാൻ എന്നിവരെ ഹംസരഥത്തിലാണ് സ്വീകരിച്ചത്. ജയിൽമോചിതനായ എ.കെ.ജിയും അന്നത്തെ യോഗത്തിൽ പങ്കെടുത്തു. അന്ന് ഉച്ചഭാഷിണി ഇല്ലാത്ത യോഗങ്ങളിൽ മറ്റൊരാൾ ഉറക്കെ വിളിച്ചുപറയുന്ന രീതിയുണ്ട്. അക്കമ്മയുടെ പ്രസംഗം ഇത്തരത്തിൽ ഏറ്റുപറഞ്ഞത് എ.കെ. ജി.യായിരുന്നു.

ജനനേതാക്കളെ കൊട്ടാരമാർച്ചോടെ ജയിൽമോചിതരാക്കിയെങ്കിലും നാട്ടിലാകെ അറസ്റ്റും മർദ്ദനവും തുടർന്നു. പലയിടങ്ങളിലും വെടിവയ്പുണ്ടായി. വീണ്ടും നേതാക്കൾ പലരും അറസ്റ്റിലായി. 1938 ഡിസംബർ 22, 23 തീയതികളിൽ സ്റ്റേറ്റ് കോൺഗ്രസിന്റെ വാർഷികസമ്മേളനം തിരുവനന്തപുരത്ത് വട്ടിയൂർക്കാവിൽ വച്ചു നടത്താൻ തീരുമാനിച്ചു. അക്കമ്മ ചെറിയാനെ അതിന്റെ ക്യാപ്റ്റനായി തീരുമാനിച്ചു. ഇതിൽ പങ്കെടുപ്പിക്കുവാനും ഉത്തരവാദപ്രക്ഷോഭം മുന്നോട്ടുകൊണ്ടുപോകുവാനും ദേശസേവികാസംഘം രൂപീകരിക്കുവാൻ തീരുമാനിച്ചു. കുറഞ്ഞ സമയത്തിനുള്ളിൽ വടക്കൻ പറവൂർ മുതൽ കന്യാകുമാരി വരെയുള്ള ഗ്രാമങ്ങളിലും പട്ടണങ്ങളിലും യാത്രചെയ്ത് അക്കമ്മയും ഒപ്പം റോസമ്മയും 16നും 17നും മദ്ധ്യേ പ്രായമുള്ള സ്ത്രീകളെ സംഘടിപ്പിച്ചു. എത്ര വലിയ ത്യാഗവും സഹിക്കുവാൻ സന്നദ്ധരായിട്ടുള്ളവരാണ് ദേശസേവികമാരാകുക. ചിട്ടയായ പ്രവർത്തനരീതികളുള്ള സംഘത്തിന്റെ സംഘാടനത്തിനായി അക്കമ്മയും റോസമ്മയും നൂറുകണക്കിനു യോഗങ്ങളിൽ പങ്കെടുത്തു. കുങ്കുമനിറത്തിൽ ഒന്നരയിഞ്ച് വീതിയിൽ പച്ചബോർഡറുള്ള സാരിയും വെള്ള ബ്ളൗസുമായിരുന്നു ദേശസേവികമാരുടെ യൂണിഫോം. ശാസ്ത്രീയമായ മാർച്ച്പാസ്റ്റും മാർച്ചിംഗ് സോംഗും രൂപപ്പെടുത്തിയിരുന്നു. കാഞ്ഞിരപ്പള്ളിയിൽ നടന്ന ദേശസേവികാ ക്യാമ്പ് ഒരു മഹാപരിപാടിയായാണ് അന്ന് സംഘടിപ്പിച്ചത്. പതാക ഉയർത്തൽ, പതാകവന്ദനം, മാർച്ചിംഗ് ഡ്രിൽ, വാളണ്ടിയർ വലയം സൃഷ്ടിക്കൽ, ലാത്തിച്ചാർജിനെ അഭിമുഖീകരിക്കുന്നതിനുള്ള അടവുകൾ എന്നിവയിലാണ് ക്യാമ്പിൽ അംഗങ്ങൾക്ക് പരിശീലനം നൽകിയത്.

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് ചരിത്രത്തിലെ സുപ്രധാന ഏടാണ് വട്ടിയൂർക്കാവ് സമ്മേളനം. സമ്മേളനം സർ സി.പി. നിരോധിച്ചു. നിരോധനം ലംഘിച്ചുകൊണ്ട് അക്രമരഹിതമായി സമ്മേളനം നടത്തുവാൻ കോൺഗ്രസും തീരുമാനിച്ചു. പ്രസിഡന്റ് എ. നാരായണപിള്ള തീവണ്ടിയിൽ വന്നിറങ്ങിയപ്പോൾ പൊലീസ് തടഞ്ഞു. അവിടെ തടിച്ചുകൂടിയിരുന്ന ജനക്കൂട്ടം അവിടെത്തന്നെ ഒരു സമ്മേളനം നടത്തി. വട്ടിയൂർക്കാവിൽ മറ്റൊരു സമ്മേളനവും നടന്നു. പൊലീസ് കാണാതെ പ്രസിഡന്റ് വട്ടിയൂർക്കാവിലും എത്തി. പ്രസംഗത്തോടെ സമ്മേളനം പിരിച്ചുവിട്ടു.

കാഞ്ഞിരപ്പള്ളിയിൽ നിന്നും വന്ന വലിയ സംഘം വോളന്റിയർമാർ അക്കമ്മയുടെയും റോസമ്മയുടെയും ഒപ്പം നാട്ടിലേക്കു മടങ്ങി.

അടുത്ത ദിവസം, ഡിസംബർ 24ന് കാഞ്ഞിരപ്പള്ളി സബ് ഇൻസ്പെക്ടർ ഫിലിപ്പ് വീട്ടിൽ നിന്നും അക്കമ്മയെയും റോസമ്മയെയും അറസ്റ്റു ചെയ്തു. വിവരമറിഞ്ഞ് കുരിശുങ്കൽ കവലയിൽ ജനം തടിച്ചുകൂടി. ഒരു കാറിൽ ഇരുസഹോദരിമാരെയും സഹോദരൻ തോമാച്ചനെയും കൂട്ടി പൂജപ്പുര സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ കോൺഗ്രസ് നേതാവ് ആനി മസ്ക്രീൻ ഉണ്ടായിരുന്നു. അതേക്കുറിച്ച് അക്കമ്മയുടെ സ്വകാര്യ



അക്കമ്മ ചെറിയാന്റെ കുടുംബാംഗങ്ങളോടൊപ്പം റോസമ്മ പുന്നൂസ്

കുറിപ്പുകളിൽ ഇങ്ങനെ എഴുതുന്നു:

"ഏഴാംകെട്ടിന്റെ ആനവാതിൽ ഹെഡ്‌വാർഡൻ താക്കോലുപയോഗിച്ച് തുറന്ന് ഞങ്ങളെ അകത്താക്കി. വാതിൽ വലിയ ശബ്ദത്തോടെ അടച്ചപ്പോൾ ബാഹ്യലോകത്തുനിന്നും വേർപെട്ട് ഒരു ശ്മശാനത്തിലെത്തിയ പ്രതീതി എനിക്കുണ്ടായി. ആ വിഷമം മാറിയത് ഞങ്ങൾക്കായി സജ്ജീകരിച്ചിരുന്ന കെട്ടിടത്തിൽ ജയിൽവസ്ത്രം ധരിച്ച് ഒരു ചട്ടിയിൽ ഊണുകഴിച്ചുകൊണ്ടിരുന്ന മിസ് ആനി മസ്ക്രീനെ കണ്ടപ്പോഴാണ്. മസ്ക്രീൻ ഉടൻ ഊണു മതിയാക്കി ഓടിവന്ന് റോസമ്മയെയും എന്നെയും ആലിംഗനം ചെയ്തു സ്വീകരിച്ചു."

തൊട്ടടുത്ത ഏകാന്ത തടവുകാരുടെ വാർഡിൽ പട്ടംതാണുപിള്ള, പി.ജെ. സെബാസ്റ്റ്യൻ, പി.ടി. പുന്നൂസ് എന്നിവർ ഉണ്ടായിരുന്നു. വട്ടിയൂർക്കാവ് സമ്മേളനത്തിനു ശേഷം മഹാത്മാഗാന്ധിയുടെ പ്രേരണയാൽ മഹാരാജാവിനു നൽകിയ നിവേദനം സ്റ്റേറ്റ് കോൺഗ്രസ് പിൻവലിച്ചത് അക്കമ്മയെയും റോസമ്മയെയും ആനി മസ്ക്രീനിനെയും കടുത്ത നിരാശയിലാക്കിയിരുന്നു. ഈ നിവേദനത്തെ തുടർന്നായിരുന്നല്ലോ കൊട്ടാരമാർച്ചുൾപ്പെടെയുള്ള പ്രക്ഷോഭസമരങ്ങൾ നടത്തിയതും ആയിരക്കണക്കിനു പേർ പീഡിപ്പിക്കപ്പെട്ടതും. ജയിലിലെത്തിയ



വനിതാ നേതാക്കളോട് പി.ജെ. സെബാസ്റ്റ്യൻ വിളിച്ചു ചോദിച്ചു, നിവേദനം പിൻവലിച്ചതിന്റെ പ്രത്യാഘാതം എന്താണെന്ന്. ഇവർ പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു. “വെളിയിലേക്കിറങ്ങിച്ചെല്ല്, കല്ലും തൊഴിയും നിങ്ങൾക്കു വച്ചിട്ടുണ്ട്!”

ജയിലിനുള്ളിൽ വനിതാ തടവുകാരെ ശാരീരികമായി ഉപദ്രവിച്ചിരുന്നില്ലെങ്കിലും പലതരത്തിലുള്ള തന്ത്രങ്ങളിലൂടെ ഇവരുടെ മനോവീര്യം തകർക്കുവാൻ ജയിലധികൃതർ ശ്രമിച്ചിരുന്നു. പ്രത്യേകിച്ചും ഏറ്റവും ചെറുപ്പമായിരുന്ന റോസമ്മയെയാണ് അവർ ലക്ഷ്യം വച്ചത്. പക്ഷേ, ഇവരുടെ ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും ഒരു തരിമ്പും ചലനം ഉണ്ടാക്കുവാൻ കഴിഞ്ഞില്ല. മൂവാറ്റുപുഴയ്ക്കടുത്ത് ഒരു കുഞ്ഞിനെ കുളത്തിൽ മുക്കിക്കൊന്ന് ആഭരണം മോഷ്ടിച്ച കേസിലെ പ്രതിയായ കുഞ്ഞുലക്ഷ്മിയെ ഉപയോഗിച്ച് അസഭ്യം പറയിക്കലായിരുന്നു ആദ്യപരിപാടി. മൂന്നു വനിതാ നേതാക്കന്മാരും കൂടി വൈകിട്ട് ദേശഭക്തിഗാനം പാടുമ്പോൾ കുഞ്ഞുലക്ഷ്മി കേട്ടാൽ അറയ്ക്കുന്ന ഭാഷയിൽ ചീത്തവിളി തുടങ്ങും. ചൂലെടുത്ത് അടിക്കുമെന്നും ഭീഷണിപ്പെടുത്തും. വാർഡനായ പൊന്നമ്മയുടെ അനുമതിയോടെയാണ് ഈ പരിപാടി. എന്തെങ്കിലും അപകടസൂചന കിട്ടിയാൽ ഖദർസാരികൾ മതിലിനപ്പുറത്തേക്ക് ഇട്ടുകൊടുത്താൽ മതി. തങ്ങളിങ്ങ് എത്താമെന്ന് സി. കേശവൻ, പി.ടി. പുന്നൂസ്, വി.വി. വർക്കി, പി.ടി. ചാക്കോ, സഹോദരനായ വർക്കിയച്ചൻ എന്നിവർ ഇവർക്ക് ഉറപ്പുകൊടുത്തിരുന്നു. എന്നാൽ, രാത്രിയിൽ എന്തെങ്കിലും സംഭവിച്ചാൽ ലോക്കപ്പിൽ കിടക്കുന്ന പുരുഷതടവുകാർക്ക് ഒന്നും ചെയ്യാനാവില്ല. അങ്ങനെയാണ് തിരുവനന്തപുരം ഒന്നാംക്ളാസ് മജിസ്ട്രേട്ട് കോടതിയിൽ റോസമ്മയെയും അക്കമ്മയെയും കൊണ്ടുവന്നപ്പോൾ ജയിലിലെ അനുഭവങ്ങൾ കോടതിയിൽ സ്റ്റേറ്റ്മെന്റായി നൽകിയത്. ‘ജീവനും മാനവും അപകടത്തിലാണെന്ന്’ ഇവരുടെ പ്രസ്താവന വൻകോളിളക്കം ഉണ്ടാക്കി. സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തകരെ യുവതികളായ വനിതാ നേതാക്കളുടെ അവസ്ഥ ആശങ്കയിലാഴ്ത്തി. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റ് പട്ടം താണുപിള്ള മഹാത്മാഗാന്ധിക്ക് കമ്പിയടിച്ചു. പത്രങ്ങൾക്കും പ്രസ്താവന നൽകി. എന്നാൽ സെൻട്രൽ ജയിലിലെ തടവുകാരായ മിസ് അക്കമ്മ ചെറിയാനോടും റോസ് ചെറിയാനോടും ഉണ്ടായ പെരുമാറ്റങ്ങളെപ്പറ്റി താണുപിള്ള പുറപ്പെടുവിച്ച ആരോപണങ്ങൾ അന്വേഷണത്തിൽ അടിസ്ഥാനരഹിതങ്ങളാണെന്നു മനസ്സിലാക്കുന്നു...” എന്നാണ് പട്ടം താണുപിള്ളയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി. മഹാത്മാഗാന്ധി തിരുവിതാംകൂറിലെ സ്ഥിതിഗതികളെക്കുറിച്ച് ഹരിജനിൽ എഴുതിയ ലേഖനത്തിൽ (1939 ഫെബ്രുവരി 18)) ഇതേക്കുറിച്ച് പരാമർശിച്ചിരുന്നു. അതിനും സർ സി.പി. സത്യവിരുദ്ധമായ മറുപടിയാണ് നൽകിയത്. ‘പൊതുജനങ്ങളുടെ ലഹളകൂട്ടലും പട്ടം താണുപിള്ളയുടെ പ്രസ്താവനയും ഗാന്ധിജിയുടെ ഇടപെടലും ഇല്ലായിരുന്നെങ്കിൽ എന്തും സംഭവിച്ചേനെ’യെന്ന് അക്കമ്മ ചെറിയാൻ ഓർമ്മക്കുറിപ്പുകളിൽ ആശങ്കപ്പെട്ടു.

റോസമ്മയും അക്കമ്മയും ജയിൽവളപ്പിൽ പച്ചക്കറിത്തോട്ടവും പൂന്തോട്ടവും ഉണ്ടാക്കിയിരുന്നു. ഒരിക്കൽ ആശുപത്രിയിൽ പോയപ്പോൾ ആനി മസ്ക്രീൻ തോട്ടത്തിൽ നിന്നും പറിച്ച ഒരു നന്ത്യാർവട്ട പൂ തലയിൽ ചൂടി. ഇവർ തിരികെ ജയിലിൽ എത്തുന്നതിനുമുമ്പ് ജയിൽവളപ്പിലെ തോട്ടം പൂർണ്ണമായി നശിപ്പിച്ചു. മുടിക്കെട്ടിലെ പൂവിനെക്കുറിച്ച് സി.ഐ.ഡികൾ റിപ്പോർട്ട് ചെയ്യുകയും മിന്നൽ വേഗത്തിൽ ചെടികൾ നശിപ്പിക്കുവാൻ സർ സി.പി. യുടെ ഓഫീസ് ഉത്തരവിടുകയുമായിരുന്നു.

സ്വന്തമായി പാചകം ചെയ്യുവാൻ വനിതാ തടവുകാർക്ക് അനുവാദം ഉണ്ടായിരുന്നു. വളരെ വൃത്തികെട്ട ഭക്ഷണം നൽകിയപ്പോൾ വലിയ പ്രതിഷേധം ഉയർത്തിയാണ് സ്വന്തമായി പാചകം ചെയ്യാനുള്ള അനുമതി ഇവർ വാങ്ങിയെടുത്തത്. പി.ടി. പുന്നൂസും മറ്റും പച്ചമാങ്ങ പറിച്ച് എറിഞ്ഞുകൊടുക്കുകയും സ്ത്രീകൾ ചമ്മന്തിയരച്ച് ചിരട്ടയിൽ അടച്ച് തിരിച്ചെറിഞ്ഞുകൊടുക്കുകയും ചെയ്തിരുന്നു. പക്ഷേ, ഇതും മനസ്സിലാക്കിയ അധികൃതർ പുരുഷത്തടവുകാരെ കുറേക്കൂടി അകലേക്ക് മാറ്റി.

ഇതിനിടയിൽ റോസമ്മ ജയിൽമോചിതയായി. ഉത്തരവാദസമരം ഊർജ്ജസ്വലമാക്കുവാനും സമരം വീണ്ടും തുടങ്ങുവാനും ആലോചനകൾ നടന്നെങ്കിലും വീണ്ടും ഗാന്ധിയുടെ കമ്പിസന്ദേശം സമരം നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റിനു ലഭിച്ചു. ഇക്കാലഘട്ടത്തിൽ കോൺഗ്രസിനുണ്ടായ മാന്ദ്യം മറികടക്കുവാൻ കരുനാഗപ്പള്ളിയിൽ വച്ച് വാർഷികം നടത്തുവാൻ തീരുമാനിച്ചു. പന്മനയിലെ കുമ്പളത്തു ശങ്കുപ്പിള്ളയുടെ വീട്ടിൽ ചേർന്ന പ്രവർത്തകസമിതിയാണ് ഈ തീരുമാനമെടുത്തത്. വോളന്റിയർമാരെ സംഘടിപ്പിക്കുന്നതിന് എം.എൻ. ഗോവിന്ദൻനായരെയും ദേശസേവികമാരെ സംഘടിപ്പിക്കുന്നതിന് റോസമ്മ ചെറിയാനെയും



റോസമ്മ പുന്നൂസും പാർവതിദേവിയും

ചുമതലപ്പെടുത്തി. പക്ഷേ, യുദ്ധകാലമായതിനാൽ സമ്മേളനം മാറ്റിവയ്ക്കണമെന്ന് സർക്കാർ വിജ്ഞാപനത്തിലൂടെ ആവശ്യപ്പെട്ടു. 1939ൽ വീണ്ടും മഹാരാജാവിന്റെ ജന്മദിനാഘോഷവേളയായി. ദിവാന്റെ ഷഷ്ടിപൂർത്തി കൂടിയായിരുന്നു ഇത്തവണ. തിരുവിതാംകൂറിലാകെ ആഘോഷം നടത്താൻ ദിവാനും ഇതിനെതിരെ പ്രചരണം നടത്താൻ സ്റ്റേറ്റ് കോൺഗ്രസും തീരുമാനിച്ചു. എതിർപരിപാടികൾ സർ സി.പി. നിരോധിച്ചു. പ്രസിഡന്റ് പട്ടം താണുപിള്ളയെ ആദ്യം അറസ്റ്റു ചെയ്തു. തുടർന്ന് വി.കെ. വേലായുധൻ, പി.കെ. കുഞ്ഞ്, കെ. എം. കോര എന്നിവർ പ്രസിഡന്റ് പദം ഏൽക്കുകയും അറസ്റ്റിലാവുകയും ചെയ്തു. നവംബർ 15ന് റോസമ്മ ചെറിയാനെ പ്രസിഡന്റായി നിശ്ചയിച്ചു. ദിവാന്റെ ജന്മദിനമായ നവംബർ 25ന് സഹോദരനായ കെ.സി. വർക്കിയും മറ്റു വോളന്റിയർമാർക്കുമൊപ്പം റോസമ്മ തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ വൻ ജനക്കൂട്ടം കാത്തുനിന്നിരുന്നു. റെയിൽവേ സ്റ്റേഷനിൽ നിന്നുതന്നെ റോസമ്മയെ അറസ്റ്റു ചെയ്ത് പുത്തൻചന്ത ലോക്കപ്പിലാക്കി. ലാത്തിച്ചാർജ് ചെയ്ത് ജനക്കൂട്ടത്തെ പിരിച്ചയച്ചു. അങ്ങനെ വീണ്ടും അക്കമ്മയ്ക്കൊപ്പം റോസമ്മയും ജയിലിലായി. അന്ന് ചില ബന്ധുക്കളെ ഉപയോഗിച്ച് റോസമ്മയെ സ്വാധീനിക്കുവാൻ സർ സി.പി. ശ്രമം നടത്തി. യുവതിയായ റോസമ്മയുടെ ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠ മൂലമാണെന്ന മട്ടിലായിരുന്നു ഈ സ്വാധീനം ചെലുത്തൽ. എന്നാൽ റോസമ്മ തരിമ്പും വഴങ്ങിയില്ല. പിന്നീട് റോസമ്മയെ ശിക്ഷിച്ച് സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയി. റോസമ്മയെയും അക്കമ്മയെയും കാണാൻ വരുന്നവർക്ക് അവസരം നൽകണമെന്ന് ഭക്തിവിലാസം പ്രത്യേകം നിർദ്ദേശം നൽകിയിരുന്നു.

ഒരു ദിവസം ഒരു അടുത്ത ബന്ധു അക്കമ്മയെ കാണുവാൻ വന്നു. ജയിലർ ഹസ്സന്റെ സാന്നിദ്ധ്യത്തിലായിരുന്നു സന്ദർശനം. ബന്ധു അക്കമ്മയോട് ആവശ്യപ്പെട്ടത് മാപ്പുപറഞ്ഞ് ജയിലിൽ നിന്നും പുറത്തുവരണമെന്നാണ്. കുറേക്കൂടി ചെറുപ്പമായ റോസമ്മയെയെങ്കിലും അതിനായി പ്രേരിപ്പിക്കണമെന്നും അയാൾ ശഠിച്ചു. എന്നാൽ സ്വന്തം തീരുമാനം എടുക്കുവാൻ റോസമ്മയ്ക്കു കഴിവുണ്ടെന്നു പറഞ്ഞ് അക്കമ്മ അയാളെ മടക്കി അയച്ചു. ഇത്തരം പ്രലോഭനങ്ങളിൽ പെട്ടുപോയ നിരവധി പേർ അക്കാലത്തുണ്ടായിരുന്നു. പലരും പ്രതിഫലം വാങ്ങി രാഷ്ട്രീയപ്രവർത്തനം അവസാനിപ്പിച്ചു. എന്നാൽ, അക്കമ്മയും റോസമ്മയും ഇക്കൂട്ടത്തിൽപ്പെട്ടില്ല.

ദിവാന് ഷഷ്ടിപൂർത്തി ദിനത്തിൽ പലരും ഗംഭീരമായ സ്വീകരണങ്ങൾ നൽകി. ഇവയിൽ ഏറ്റവും പ്രധാനം കത്തോലിക്കാ ബിഷപ്പുമാർ നൽകിയതായിരുന്നു. ഏഴുനില പന്തലിൽ

നടന്ന സ്വീകരണത്തിൽ സ്വർണ്ണത്താളിൽ അച്ചടിച്ച് ദന്തപേടകത്തിൽ അടക്കം ചെയ്ത മംഗളപത്രം വായിച്ചത് ഡോമിനിക് ജോസഫും മംഗളപത്രം സമർപ്പിച്ചത് ഡോമിനിക് തൊമ്മനുമാണ്. അക്കമ്മയുടെയും റോസമ്മയുടെയും അച്ഛന്റെ സഹോദരനാണ് ഡോമിനിക് തൊമ്മൻ. ഇദ്ദേഹത്തിന്റെ മകനാണ് ഡോമിനിക് ജോസഫ്.

പിതൃതുല്യനായ വ്യക്തിയെക്കൊണ്ടിതു ചെയ്യിച്ചത് തങ്ങളോടുള്ള വാശി തീർക്കാനാണെന്നുതന്നെ അക്കമ്മയും റോസമ്മയും കരുതി. അവർക്ക് മാർ ഇവാനിയോസിനോട് അവസാനം വരെയും ഇക്കാരണത്താൽ ക്ഷമിക്കുവാൻ കഴിഞ്ഞില്ല. തടവിൽ കിടക്കുമ്പോൾ ആനി മസ്ക്രീനാണ് ഈ വാർത്ത പത്രത്തിൽ വായിച്ചത്. അതു കേട്ടപ്പോൾ 'നെഞ്ചിൽ കഠാര ഇറക്കുന്നതുപോലെ തോന്നി' എന്ന് അക്കമ്മ പറഞ്ഞിട്ടുണ്ട്.

പിന്നീട് പല സന്ദർഭങ്ങളിലും മാർ ഇവാനിയോസിനെ കാണാനിടവന്നെങ്കിലും അക്കമ്മയും റോസമ്മയും സൗഹൃദത്തിനു തയ്യാറായിട്ടില്ല. ആചാരസൂചകമായി എല്ലാവരും അദ്ദേഹത്തിന്റെ കൈ മുത്തുമ്പോഴും അക്കമ്മയും റോസമ്മയും അതിനു തുനിഞ്ഞില്ല. 1940–42 കാലഘട്ടത്തിൽ കോൺഗ്രസ് ഏതാണ്ട് നിശ്ചലമായിരുന്നു. സ്റ്റേറ്റ് കോൺഗ്രസിനകത്തെ സോഷ്യലിസ്റ്റ് ചിന്താഗതിക്കാർ റാഡിക്കൽ യൂത്ത് ലീഗ് ആരംഭിച്ചു. പിന്നീട് തിരുവിതാംകൂർ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും രൂപം നൽകി. പി. കൃഷ്ണപിള്ള, കെ.സി. ജോർജ്, കെ. ദാമോദരൻ തുടങ്ങിയവർ ഇതിനു നേതൃത്വം നൽകി. സ്റ്റേറ്റ് കോൺഗ്രസിന്റെ ക്വിറ്റിന്ത്യാ പ്രമേയത്തെയും റാഡിക്കൽ ഗ്രൂപ്പ് എതിർത്തു. പി.ടി. പുന്നൂസ് ഉൾപ്പെടെയുള്ളവർ സ്റ്റേറ്റ് കോൺഗ്രസിന്റെ ഭാരവാഹിത്വം ഒഴിഞ്ഞു. ഈ മാറ്റത്തിനിടയിൽ റോസമ്മയും സോഷ്യലിസ്റ്റ് വിഭാഗത്തിനൊപ്പം നിന്നു. പിന്നീട് പൂർണ്ണസമയ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകയായി മാറി.

പി.ടി. പുന്നൂസും റോസമ്മയും കമ്മ്യൂണിസ്റ്റുകാരായെങ്കിലും വ്യക്തിപരമായി അക്കമ്മയുമായി അടുത്ത സ്നേഹബന്ധം തന്നെയാണ് പുലർത്തിയിരുന്നത്. അക്കമ്മ ചെറിയാൻ പിന്നീട് കോൺഗ്രസിലെ പല അനഭിലഷണീയ പ്രവണതകൾക്കെതിരെ പ്രതിഷേധിക്കുകയും രാഷ്ട്രീയം മടുത്തു എന്നു പ്രഖ്യാപിച്ച് വീട്ടിനുള്ളിലേക്ക് ഒതുങ്ങുകയും ചെയ്തു. റോസമ്മയും പുന്നൂസുമായുള്ള ബന്ധത്തിന്റെ പേരിൽ 'കമ്മ്യൂണിസ്റ്റാണെന്ന്' മുദ്രകുത്തി അക്കമ്മയെ ചില കോൺഗ്രസ് നേതാക്കൾ ബുദ്ധിമുട്ടിക്കുകയും ചെയ്തു. ആദ്യകാലരാഷ്ട്രീയഗുരുവായിരുന്ന വി.വി. വർക്കിയെയാണ് അക്കമ്മ വിവാഹം ചെയ്തത്.

അക്കമ്മ–വർക്കി, റോസമ്മ–പുന്നൂസ് ദമ്പതിമാർ അങ്ങനെ കേരള ചരിത്രത്തിൽ സവിശേഷ ഇടം നേടിയവരായിത്തീർന്നു. ഇവരുടെ കുടുംബജീവിതവും മാതൃകാപരമായിരുന്നു. പരസ്പര ധാരണയിലും സ്നേഹത്തിലും ബഹുമാനത്തിലും ഇരുദമ്പതിമാരും അവസാനം വരെയും ജീവിച്ചു. മൂല്യാധിഷ്ഠിതവും ആദർശാത്മകവുമായ ജീവിതമാണ് റോസമ്മ പുന്നൂസിനും അക്കമ്മ ചെറിയാനും ഉണ്ടായിരുന്നത്. അവസാനം വരെയും അക്കമ്മ ചെറിയാൻ വാടകവീട്ടിലാണ് കഴിഞ്ഞിരുന്നത്. ഹൗസിംഗ് ബോർഡ് ചെയർമാനായി റോസമ്മ പുന്നൂസ് പ്രവർത്തിച്ചിട്ടും ഒരു വീട് സ്വന്തമാക്കുവാൻ അക്കമ്മ ശ്രമിച്ചില്ല. പതിനായിരം രൂപ നൽകുവാൻ അന്ന് അക്കമ്മയ്ക്കു കഴിഞ്ഞിരുന്നില്ല. വഴിവിട്ട് ഒരു വീട് സ്വന്തം ചേച്ചിക്കു നൽകുവാൻ റോസമ്മയും മുതിർന്നില്ല. ഇതായിരുന്നു റോസമ്മയും അക്കമ്മയും. പക്ഷേ, ഈ ആദർശധീരരായ വനിതാ നേതാക്കളെ കേരളം എത്രമാത്രം തിരിച്ചറിഞ്ഞിട്ടുണ്ട്? നൂറുവയസ്സുവരെ ജീവിച്ച റോസമ്മ പുന്നൂസിന്റെ ജീവിതം ശരിയായ രീതിയിൽ ഇനിയും എന്തുകൊണ്ട് എഴുതപ്പെട്ടിട്ടില്ല?

**(അവലംബം: 'അക്കമ്മ ചെറിയാൻ' – ആർ. പാർവതിദേവി നാഷണൽ ബുക്ക് ട്രസ്റ്റ്, 2007)**



Estd.2000
GOLDEN JOKES BOOKS

**ഒരായുസ്സിന്റെ സ്വകാര്യങ്ങൾ**



**Dr. Cherian Kunianthodath CMI**
Formerly Prof. & Head Malayalam Dept. & Vice Principal, St. Joseph's College, Devagiri, Kozhikode, Chief Editor, Kudumbadeepam. Member Board of Directors Cochin Kalabhavan. At Present Prior St.Joseph's Monastery, Koonammavu, Ernakulam.
Mobile: 9746027270, 9388844524.
email:kunianthodathc@yahoo.com
www.cheriankunianthodathc.org

**കേരള സംഗീത നാടക അക്കാദമി ഗുരുപൂജ, കെസിബിസി അവാർഡ്, രാജീവ് ഗാന്ധി ആർച്ച് എക്സലൻസ് അവാർഡ്**
തുടങ്ങി ഇരുപതിലേറെ അവാർഡുകളും നേടിയിട്ടുള്ള **ഡോ. ചെറിയാൻ കുനിയന്തോടത്തിന്റെ** കവിതകളുടെ സമാഹാരം

**കമനം**
1008 പേജ് വില. 900 രൂപ

പുസ്തകം ഡിസൈൻ ചെയ്ത് ലിംക ബുക്കിലിടം നേടിയിട്ടുള്ള സീനിയർ ക്രിയേറ്റീവ് ഡയറക്ടർ ഗോപി മംഗലത്ത് കമനം ഡിസൈൻ ചെയ്തൊരുക്കുന്നു

PC Chambers, Ashirbhavan Road, Kacheripady, Ernakulam 18
Mob.9847475124, email:goldenjokesbooks@yahoo.com
PBNo.3555.Ernakulam-682035
GOLDEN JOKES BOOKS